# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2827

13/07/2015 ൽ
മറുപടിക്ക്

### ദേശീയ പെൻഷൻ പദ്ധതിയും നിയമനവും

**ചോദ്യം :**

**ശ്രീ. കെ. വി. വിജയദാസ്**

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം NPS (National Pension Scheme) നടപ്പിലാക്കുന്നതിന് മുൻപ് പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; വകുപ്പുകൾ തിരിച്ചുള്ള കണക്ക് നൽകുമോ ; | (എ) യും (ബി) യും വിവരം ശേഖരിച്ചു വരുന്നു. |
| (ബി) NPS നടപ്പിലാക്കിയശേഷം PSC മുഖേന നടത്തിയ നിയമനങ്ങൾ എത്ര ; വകുപ്പുതിരിച്ചുള്ള വിശദവിവരം നൽകുമോ; | |
| (സി) NPS ൽ ജീവനക്കാരിൽ നിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ Matching Grant അനുവദിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ; ഇത് ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിക്ഷേപിച്ചിട്ടുള്ളത് ; വിശദവിവരം നൽകുമോ ? | (സി) NPS ൽ ജീവനക്കാരിൽ നിന്നും ശേഖരിച്ച തുകയ്ക്ക് തുല്യമായ Matching Grant അനുവദിച്ചിട്ടുണ്ട്. 04.06.2015 വരെ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് 60.90 കോടി രൂപ ഒടുക്കിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008 ലെ കേന്ദ്രസർക്കാരിലെ 5(88)2006 പി.ആർ നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു..ടി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, |

എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**